## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം:2966 — 15.12..2015 -ൽ മറുപടിയ്ക്ക്

### പരീക്ഷ നടത്തിപ്പും, മൂല്യനിർണ്ണയവും സ്വകാര്യ സ്ഥാപനത്തിന് നൽകിയ സംഭവം

*ചോദ്യം*

ശ്രീമതി. കെ.എസ്.സലീഖ

*ഉത്തരം*

ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2015 ഡിസംബർ 4 ന് തുടങ്ങാനിരുന്ന ബിടെക്., എം ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ മാറ്റി വയ്ക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (എ) പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് വിദ്യാർത്ഥി സമൂഹത്തിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ഉയർന്ന ആശങ്കകൾ പരിഹരിക്കുന്നതിനു വേണ്ടിയാണ് പരീക്ഷകൾ മാറ്റിവച്ചത്. |
| (ബി) പുതുതായി രൂപീകരിച്ച പ്രസ്തുത സർവ്വകലാശാല പരീക്ഷ നടത്തിപ്പും, മൂല്യ നിർണ്ണയവും സ്വകാര്യ സ്ഥാപനത്തിന് പുറം കരാർ നൽകിയോ; ആയത് ഏത് സ്വകാര്യ സ്ഥാപനം; ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സർവ്വകലാശാല നാളിതുവരെ എന്തു തുക സ്വകാര്യ സ്ഥാപനത്തിന് നൽകി; വിശദാംശം വ്യക്തമാക്കുമോ; | (ബി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാല 'വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം' എന്ന ആശയത്തിൽ പരീക്ഷകൾ നടത്തുന്നതിനുവേണ്ടി ഇ-ടെൻഡർ നടപടി വഴി ഒരു ഏജൻസിയ്ക്ക് നൽകുന്നതിനു വേണ്ടനടപടികൾ ആരംഭിച്ചിരുന്നു. ബാംഗ്ളൂർ ആസ്ഥാനമായുള്ള ''മെരിറ്റ്ട്രാക്ക്" എന്ന സ്ഥാപനമാണ് ഇതിനായി ടെൻഡർ പ്രകാരം യോഗ്യത നേടിയത്. ഇതുവരെ പ്രസ്തുത സ്ഥാപനത്തിനു തുകയൊന്നും നൽകിയിട്ടില്ല. |

(സി) ഇക്കാരണത്താൽ പ്രസ്തുത സർവ്വകലാശാലയുടെ തലപ്പത്തുള്ളവരുടെ സമീപനവുമായി ബന്ധപ്പെട്ട് എത്ര ബിടെക്., എം.ടെക് വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതാവസ്ഥയിലായി; വിശദാംശം വ്യക്തമാക്കുമോ?

(സി) സർവ്വകലാശാല പരീക്ഷകൾ മാറ്റി വച്ചിട്ടുണ്ട്. വിദ്യാർത്ഥി അദ്ധ്യാപക സമൂഹത്തിന്റെ ആശങ്കകൾ പരിഹരിച്ച് പരീക്ഷകൾ ക്രിസ്തുമസ് കഴിഞ്ഞാൽ ഉടൻതന്നെ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള കരാർ പ്രകാരം ഇനി എത്ര കോടി രൂപ സ്വകാര്യസ്ഥാപനത്തിന് നൽകേണ്ടതായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് കരാർ ഒന്നും ഒപ്പുവച്ചിട്ടില്ല.

(ഇ) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തന്നെ തകർക്കുന്ന വിധത്തിലുള്ള ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ ഇപ്പോഴത്തെ പ്രവർത്തനശൈലി അടിയന്തിരമായി തിരുത്തുവാനും ഇത്തരത്തിൽ പരീക്ഷാനടത്തിപ്പും, മൂല്യനിർണ്ണയവും പുറംകരാർ വ്യവസ്ഥയിൽ നൽകാതിരിക്കുവാനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥി-അദ്ധ്യാപക സമൂഹത്തിൽ നിന്നും ഉയർന്നുവന്ന ആശങ്കകളുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച നടപടികൾ പിൻവലിച്ചു.

(എഫ്) ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സർവ്വകലാശാലാ വൈസ്ചാൻസലറോട് ബഹുമാനപ്പെട്ട ഗവർണ്ണറോ, സംസ്ഥാന സർക്കാരോ വിശദീകരണം തേടിയോ; വിശദാംശം വ്യക്ത മാക്കുമോ;

(എഫ്) പരീക്ഷാ നടത്തിപ്പ് സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഗവർണർ റിപ്പോർട്ട് തേടിയിരുന്നു. ആയതു പ്രകാരം ചോദ്യപേപ്പർ തയ്യാറാക്കുന്നതു മുതൽ പരീക്ഷകൾ നടത്തി മുല്യനിർണ്ണയവും ഫലവും പ്രസിദ്ധീകരിക്കുന്നതുവരെ വിഭാവനം ചെയ്തിരുന്ന നടപടികൾ സംബന്ധിച്ച് വിശദമായ വിവരണം നൽകിയിരുന്നു.

(ജി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന വൈസ്ചാൻസലർമാർ പൊതു സമൂഹത്തിന് ബാധ്യതയല്ലേ; ഇത്തരത്തിൽ ക്രമവിരുദ്ധമായി പ്രവർത്തിക്കുന്ന വൈസ്ചാൻസലർമാർക്കെതിരെ എന്തൊക്കെ നടപടികൾ ഈ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ജി) എഞ്ചിനീയറിംഗ് പരീക്ഷാ സമയബന്ധിതമായി നടത്തി ഒരാഴ്ചയ്ക്കകം ഫലം പ്രഖ്യാപിക്കുന്നതിനാണ് സാങ്കേതിക സർവ്വകലാശാല ഓൺലൈൻ പരീക്ഷാ സമ്പ്രദായം നടപ്പിലാക്കുവാൻ ശ്രമിച്ചത്. സാങ്കേതിക സർവ്വകലാശാല, വൈസ്-ചാൻസിലർ ക്രമവിരുദ്ധമായി പ്രവർത്തിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ